# കേരള സർക്കാർ

## (സംഗ്രഹം)

വികേന്ദ്രീകൃതാസൂത്രണം - തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2005-06 വാർഷിക പദ്ധതി ഭേദഗതി ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആസൂത്രണ സാമ്പത്തിക കാര്യ(എ) വകുപ്പ്**

സ.ഉ.(എം.എസ്) നമ്പർ. 04/2006/പ്ലാനിംഗ് തിരുവനന്തപുരം, 2006, ഫെബ്രുവരി, 14

---

## ഉത്തരവ്

ജില്ലാ ആസൂത്രണ സമിതികൾ അംഗീകരിച്ച 2005-06 വാർഷിക പദ്ധതി ഭേദഗതി ചെയ്യുന്നതിന് അനുമതി നൽകണമെന്ന് ചില തദ്ദേശ ഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത ആവശ്യം സർക്കാർ വിശദമായി പരിശോധിച്ച് തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2005-06 വാർഷിക പദ്ധതി ചുവടെ വിവരിക്കുന്ന കാരണങ്ങൾക്ക് മാത്രം, ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തോടെ, ഭേദഗതി ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(i) പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രോജക്ടുകൾ എം.പി.യുടെ പ്രാദേശിക വികസന പരിപാടി, എം.എൽ.എ.യുടെ പ്രത്യേക വികസന ഫണ്ട്, വെള്ളപ്പൊക്ക ദുരിതാശ്വാസം, കേന്ദ്ര/സംസ്ഥാന പദ്ധതികൾ മുതലായവ പ്രകാരം നടപ്പിലാക്കുന്നുവെങ്കിൽ പകരം പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന്;

(ii) സ്ഥലം ലഭിക്കാതിരിക്കൽ, കോടതി കേസ്സുകൾ പോലെയുള്ള നിയമപ്രശ്നങ്ങൾ തുടങ്ങിയ കാരണങ്ങളാൽ നിർവ്വഹണ സാദ്ധ്യതയില്ലാത്ത പ്രോജക്ടുകൾക്ക് പകരം പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന്;

(iii) ആശ്രയ പരിപാടിയുടെ വിഹിതം വർദ്ധിപ്പിക്കുന്നതിന്/ആശ്രയ പരിപാടി പുതുതായി ഏറ്റെടുക്കുന്നതിന്.

**ഇപ്രകാരം 2005-06 വാർഷിക പദ്ധതി ഭേദഗതി ചെയ്യുമ്പോൾ മേഖലാ വിഭജനത്തിൽ മാറ്റം വരാൻ പാടില്ലാത്തതാണ്. ഈ ഉത്തരവ് പ്രകാരം വാർഷിക പദ്ധതിയിൽ വരുത്തുന്ന ഭേദഗതികൾ സംബന്ധിച്ച എല്ലാ നടപടിക്രമങ്ങളും 2006 ഫെബ്രുവരി 28-ന് മുമ്പ് പൂർത്തിയാക്കേണ്ടതാണ്.**

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ലിസ്സി ജേക്കബ്**

അഡീഷണൽ ചീഫ് സെക്രട്ടറി

1. എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പൽ ചെയർപേഴ്സൺമാർക്കും സെക്രട്ടറിമാർക്കും
6. എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
7. പ്രിൻസിപ്പൽ സെക്രട്ടറി, ഗ്രാമവികസനം
8. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണം - റൂറൽ
9. സെക്രട്ടറി, തദ്ദേശസ്വയംഭരണം - അർബൻ
10. സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
11. പഞ്ചായത്ത് ഡയറക്ടർ
12. ഗ്രാമ വികസന കമ്മീഷണർ
13. ഡയറക്ടർ, നഗരകാര്യ വകുപ്പ്

14. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
15. എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
16. എല്ലാ ജില്ലാ കളക്ടർമാർ (ആസൂത്രണ സമിതി സെക്രട്ടറിമാർ)ക്കും
17. ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശൂർ
18. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
19. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്); കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
20. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
21. ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്
22. സ്റ്റേറ്റ് പെർഫോർമൻസ് ആഡിറ്റ് ഓഫീസർ
23. ജനറൽ സെക്രട്ടറി, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
24. സെക്രട്ടറി, കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
25. സെക്രട്ടറി, മുനിസിപ്പൽ ചെയർപേഴ്സൺമാരുടെ ചേംബർ
26. സെക്രട്ടറി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേംബർ

***പകർപ്പ്:***

1. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
2. തദ്ദേശസ്വയം ഭരണവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
3. ഗ്രാമ വികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
4. സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ
5. ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി
6. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി അംഗങ്ങൾ
7. തദ്ദേശസ്വയംഭരണ വകുപ്പ്
8. ഗ്രാമവികസന വകുപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ